



# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

## ഗവ: എൽ. പി. സ്കൂൾ, തൃക്കാക്കര

വി. കെ. സി. (പി.ഒ), തേവയ്ക്കൽ

ആലുവ ഉപജില്ല, എറണാകുളം







# ആമുഖം

എറണാകുളം ജില്ലയിലെ ആലുവ വിദ്യാഭ്യാസ ജില്ലയിൽ തേവയ്ക്കൽ എന്ന സ്ഥലത്തുള്ള ഒരു ഗവൺമെന്റ് എൽപി സ്കൂളാണ് തൃക്കാക്കര ഗവ. എൽ. പി. സ്കൂൾ. ആലുവ വിദ്യാഭ്യാസ ഉപജില്ലയിലെ പാഠ്യപാഠ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തന്നെ മുന്നോട്ടു കൊണ്ടുപോകുന്ന ഒരു വിദ്യാലയമാണ് ഇത്. തുടർച്ചയായി എല്ലാവർഷവും എൽഎസ്എസ് പരീക്ഷ നേട്ടവും ഉപജില്ല കലാശാസ്ത്ര കായികമേളകളിൽ എല്ലാം തന്നെ മികച്ച ഗ്രേഡുകളും കരസ്ഥമാക്കാറുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തി പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.കൂടാതെ ജൈവവൈവിധ്യ ഉദ്യാനം, ശിശു സൗഹൃദമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. കൂടാതെ പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായി സ്റ്റാർസ് വർണ്ണ കൂടാരം പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം നിലനിർത്തിക്കൊണ്ടു പോവാനും മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഒരു വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന് ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയ ധാരണയിൽ എത്തിക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# മലയാളം

## ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

### അക്ഷര ജ്വാല

കുട്ടികളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'അക്ഷരജ്വാല' പദ്ധതി നടപ്പിലാക്കുന്നു. പ്രീ ടെസ്റ്റ് കുട്ടികളെ നിലവാരം അനുസരിച്ച് തരംതിരിക്കൽ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ആക്ടിവിറ്റീസ് ഗ്രൂപ്പായും വ്യക്തിഗതമായും നൽകൽ വിലയിരുത്തൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം / പിന്തുണ |
|---|---|---|
| കുഞ്ഞെഴുത്ത് (1, 2 ക്ലാസ്), വായന കാർഡ്, അക്ഷരക്കാർഡ്, ചിത്ര വായന, ക്ലാസ് ലൈബ്രറി വിപുലീകരണം, വായന കൂട്ടം രൂപീകരിക്കൽ, ഭാഷോത്സവം, ചുമർപത്രം, ക്ലാസ് പത്രം | വർഷം മുഴുവൻ | BRC<br>PTA<br>SMC<br>MPTA<br>വാർഡ് കൗൺസിലർ<br>പൂർവാധ്യാപകർ |
| റീടെസ്റ്റ് തിയേറ്റർ വായനാക്കുറിപ്പ് പത്രവായന സർഗ്ഗ വേള രചന ശില്പശാല കഥ കവിത രചനകൾക്കുള്ള വേദിയൊരുക്കൽ ലഘുപതിപ്പുകൾ തയ്യാറാക്കൽ | ആഴ്ചയിൽ ഒരിക്കൽ | |
| ഗ്രന്ഥശാല സന്ദർശനം ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ | വായനാദിനവുമായി ബന്ധപ്പെട്ട് | |
| പുസ്തക പരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് സംയുക്ത ഡയറി സചിത്ര ഡയറി | വർഷം മുഴുവൻ | |
| കഥ പൂരണം രചനോത്സവം | ആഴ്ചയിൽ ഒന്ന് | |

# ഗണിതം

ഗണിത പഠനം രസകരമാക്കൽ, ഗണിതത്തോടുള്ള വിരസതയും ഭയവും ഒഴിവാക്കൽ,ഗണിത ചിന്താശേഷി വളർത്തൽ, ചതുഷ്ക്രിയകൾ ലളിതമാക്കൽ, ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ, ഗണിതശേഷി പ്രകടനം തുടങ്ങിയ പ്രവർത്തനങ്ങൾ വിപുലമായി നടപ്പിലാക്കുന്നു.

| **പ്രവർത്തനങ്ങൾ** | **കാലയളവ്** | **സാമ്പത്തികം / പിന്തുണ** |
|---|---|---|
| ജാമിതീയ രൂപങ്ങളുടെ നിർമ്മാണം അസംബ്ലി ഗണിത കുസൃതി കണക്ക് ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി) | ആവശ്യാനുസരണം | |
| സങ്കലനം വ്യവകലനം കച്ചവടക്കളി ഒറിഗാമി നിർമ്മാണം പ്രദർശനം പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | | |
| ഗണിതമാഗസിൻ ഐസിടി കളിപ്പെട്ടി പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | |

# പരിസര പഠനം

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിനും ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിനും നാട്ടറിവുകൾ പരിചയപ്പെടുത്തുന്നതിനും പ്രകൃതിവിഭവ സംരക്ഷണം ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു

| **പ്രവർത്തനങ്ങൾ** | **കാലയളവ്** | **സാമ്പത്തികം / പിന്തുണ** |
| --- | --- | --- |
| പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ആവശ്യാനുസരണം | SRG<br>PTA<br>SMC<br>HM<br>TEACHERS |
| ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.കുറിപ്പ് തയ്യാറാക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്, നമുക്കും കർഷകരാകാം. പോസ്റ്റർ രചന മത്സരം അവതരണങ്ങൾ ശാസ്ത്രോത്സവം പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം പച്ചക്കറിത്തോട്ടം | കർഷകദിനത്തോട നുബന്ധിച്ച് | |
| ഭൂപട വായന, രചന ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ ശുചിത്വ സർവേ | | |

# ഇംഗ്ലീഷ്

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വളർത്താനുള്ള പദ്ധതികൾ ആസൂത്രണം. ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ. ആശയമറിഞ്ഞും ഒഴുക്കോടെയുമുള്ള വായനയ്ക്ക് അവസരം നൽകൽ. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി ഉയർത്തൽ. സർഗാത്മകതാ പരിപോഷണത്തിലൂടെ ഇംഗ്ലീഷ് ഭാഷ താൽപര്യം ഉയർത്തൽ.

<table>
<tr><th>പ്രവർത്തനങ്ങൾ</th><th>കാലയളവ്</th><th>സാമ്പത്തികം / പിന്തുണ</th></tr>
<tr><td>ഹലോ ഇംഗ്ലീഷ്<br>ഇംഗ്ലീഷ് അസംബ്ലി</td><td>ക്ലാസ് റൂം<br>പ്രവർത്തനങ്ങൾ</td><td rowspan="2">SRG<br>PTA<br>SMC<br>HM<br>TEACHERS</td></tr>
<tr><td>Reader's theatre, Conersation, Story telling, Wordgames, Picture reading, Peer group learning, English Diary, Sentence card making, Wordstudy using computers, Making crossword puzzles, Dictionary making, Add more lines, Audio Video clippings for correct pronunciation.<br>English Fest Poster, Placards making</td><td>ആവശ്യാനുസരണം</td></tr>
</table>

ജൂൺ ആദ്യവാരം മുതൽ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു. പഠന പിന്നോക്കം നിൽക്കുന്നവർ പ്രത്യേക പരിഗണന ആവശ്യമുള്ളവർ എന്നിവരെ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തുന്നു. ഐസിടി സാധ്യത എല്ലാ മേഖലകളിലും പരമാവധി പ്രയോജനപ്പെടുത്തുന്നു. മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ, പ്രീ പ്രൈമറി കുട്ടികൾക്കായി പഠനം രസകരമാക്കുന്നതിനായി ആരംഭിക്കുന്ന സ്റ്റാർസ് വർണ്ണ കൂടാരം പദ്ധതി, കുട്ടികൾക്കായുള്ള നിരവധി കളി ഉപകരണങ്ങൾ, പ്രഭാത ഭക്ഷണം, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എന്നീ പദ്ധതികൾ തുടരും.

# അറബിക്

സമകാലിക ലോകത്ത് ഏറ്റവും പ്രാധാന്യമുള്ള ഭാഷകളിൽ ഒന്നാണ് അറബി ഭാഷ. സെമിറ്റിക് ഭാഷയായ അറബിക് - പുരാതനം, ജാഹിലിയ്യഃ, സുവർണ്ണം, അപചയം, ആധുനികം, ഉത്തരാധുനികം, വർത്തമാനം എന്നീ കാലഘട്ടങ്ങളിലൂടെ അതിജീവനം നടത്തിയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും വികാസത്തിന്റെ നെറുകയിൽ നിൽക്കുന്നത്.

ഐക്യരാഷ്ട്ര സഭയുടെ ആറ് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് അറബിക്. ഫ്രഞ്ച്, ഇംഗ്ലീഷ്, റഷ്യൻ, ചൈനീസ്, സ്പാനിഷ് എന്നിവയാണ് മറ്റു ഭാഷകൾ. 1973ഡിസംബർ 18നു ചേർന്ന ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലിയാണ് അറബിക് ഭാഷയെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത്. ഭാഷാ സാസ്കാരിക വൈവിധ്യങ്ങൾ ആഘോഷിക്കുക എന്ന ലക്ഷ്യത്തോടെ 2010മുതൽ ഡിസംബർ 18അന്താരാഷ്ട്ര അറബി ഭാഷാ ദിനമായി ആചരിക്കുന്നു.

നമ്മുടെ വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ പഠനവും മുന്നോട്ട് പോകുന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമ പടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ടതാണ് ഭാഷാ പഠനം. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അതിന് പ്രതിവിധി നൽകുക എന്നത് അങ്ങേയറ്റം ശ്രമകരമായ ഒന്ന് തന്നെയാണ്. അറബി ഭാഷാ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതുന്നത്. അത്തരം പ്രശ്നങ്ങൾ എല്ലാം മുഖവിലക്കെടുത്ത് ഭാഷാ പഠനത്തിൽ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യാനുതകുന്ന തരത്തിൽ വിദ്യാർത്ഥികളുടെ വൈജ്ഞാനികവും സർഗാത്മകവുമായ പുരോഗതിക്ക് ഊന്നൽ നൽകുന്നതാണ് ഈ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ.

# അറബിക്

| പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
| --- | --- | --- |
| **<u>അഹ്‌ലൻ അറബിക്</u>**<br>• പ്രീ - ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിൽ അക്ഷരങ്ങൾക്ക് നിറം നൽകാൻ നൽകുന്നു. അതോടൊപ്പം പ്രിന്റ് ചെയ്ത പേപ്പറും നിറം നൽകാനായി കൊടുക്കുന്നു.<br>• അക്ഷരപ്പാട്ടുകളിലൂടെ കുട്ടികൾ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു. | അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമനുഭവി ക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്ക് വേണ്ട പിന്തുണ നൽകാൻ സഹായകമാകുന്നു. | ജൂൺ - ജൂലൈ |
| **<u>അറബിക് ലൈബ്രറി</u>**<br>• അറബിക് ക്വിസ്, അറബിക് ചിത്ര കഥ, അറബിക് കുട്ടിക്കവിതകൾ...etc. തുടങ്ങിയ പുസ്തകങ്ങളുടെ ശേഖരണം.<br>• എല്ലാ അറബിക് പിരീഡിലും ഒരു കുട്ടിയെക്കൊണ്ട് ഏതെങ്കിലും ഒരു അറബിക് പുസ്തകത്തിന്റെ ഒരു പേജ് വായിപ്പിക്കുന്നു.<br>• നല്ല വായനക്കാർക്ക് സമ്മാനം നൽകുക. | കുട്ടിയിൽ വായനയോടുള്ള ഇഷ്ടവും താല്പര്യവും വളർത്താൻ സഹായകമാകുന്നു. | ജൂൺ - മാർച്ച് |
| **<u>അറബിക് അസംബ്ലി</u>**<br>• മാസത്തിലൊരിക്കൽ ഒരു അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു. | എല്ലാ കുട്ടികൾക്കും അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും സാധിക്കുന്നു. | നവംബർ - മാർച്ച് |

# അറബിക്

| പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|
| **<u>അറബിക് ലാംഗ്വേജ് ലാബ്</u>**<br>• പഠനവുമായി ബന്ധപ്പെട്ട അറബിക് വിഡിയോകൾ, ഡോക്യുമെന്ററികൾ, ആനിമേഷൻ വിഡിയോകൾ, കഥകൾ, കവിതകൾ...etc. തുടങ്ങിയവ കമ്പ്യൂട്ടറിന്റെ / എൽ. സി. ഡി പ്രൊജക്ടറിന്റെ സഹായത്തോടെ കാണിക്കുന്നു.<br>• അറബിക് കഥ, ചെറു പ്രസംഗം, സംഭാഷണം, പാട്ട് ...etc. തുടങ്ങിയവ കേൾപ്പിക്കുന്നതോടൊപ്പം അവ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും സാധിക്കുന്നു. | ജൂൺ - മാർച്ച് |
| **<u>ഒരു ദിനം ഒരു പദം</u>**<br>• എല്ലാ ദിവസവും അറബിക് ക്ലബ്ബ് നോട്ടീസ് ബോർഡിൽ ഒരു അറബിക് പദവും അർത്ഥവും പ്രദർശിപ്പിക്കുകയും അവ എല്ലാ കുട്ടികളും എഴുതിയെടുക്കുകയും ചെയ്യുന്നു.<br>• മാസത്തിലൊരിക്കൽ ഒരു വിലയിരുത്തൽ നടത്തി മികച്ചു നിൽക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നു. | അറബിക് പദ സമ്പത്ത് വർദ്ധിക്കുന്നതോടൊപ്പം അക്ഷരത്തെറ്റില്ലാതെ എഴുതാനും വായിക്കാനും പഠിക്കുന്നു. | ജൂൺ - മാർച്ച് |
| **<u>അറബിക് മാഗസിൻ</u>**<br>• കുട്ടികളുടെ അക്കാദമിക കഴിവുകൾ ഉപയോഗപ്പെടുത്തി ഒരു കയ്യെഴുത്ത് മാഗസിനും ഒരു ഡിജിറ്റൽ മാഗസിനും നിർമ്മിക്കുന്നു. | കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുന്നതോടൊപ്പം അവരുടെ അറിവുകൾ പ്രകടമാക്കുന്നു. | നവംബർ - ഡിസംബർ |

# അറബിക്

| പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|
| **<u>ദിനാചരണങ്ങൾ</u>**<br>• ദിനാചരണങ്ങളോടനുബന്ധിച്ച് അദ്ധ്യാപകന്റെ സഹായത്തോടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. | ഓരോ ദിനത്തിന്റെയും അറബിക് പേരുകൾ പഠിക്കാൻ സഹായകമാകുന്നു. | ജൂൺ - മാർച്ച് |
| **<u>ഡിജിറ്റൽ ലോകം</u>**<br>• ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് അറബിക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുന്നു. | കുട്ടികൾ അറബിക് കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് |
| **<u>അറബിക് ഫെസ്റ്റ്</u>**<br>• അന്താരാഷ്ട്ര അറബിക് ദിനാചരണത്തോടനുബന്ധിച്ച് വിവിധ പരിപാടികളോടെ അറബിക് ഫെസ്റ്റ് നടത്തുന്നു. | എല്ലാ കുട്ടികൾക്കും അവരുടെ ഭാഷാപരമായ കഴിവുകൾ പ്രകടമാക്കാൻ സഹായകമാകുന്നു. | നവംബർ - ഡിസംബർ |
| **<u>മത്സരങ്ങളുടെ ലോകം</u>**<br>• മുഴുവൻ വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ സാധിക്കുന്ന രൂപത്തിൽ വിവിധ മത്സരങ്ങൾ (അറബിക്) സംഘടിപ്പിക്കുന്നു. | കുട്ടികളിലെ വ്യത്യസ്ത കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് സഹായകമാകുന്നു. | ജൂൺ - നവംബർ |